നം.ഇ.എസ് 1-47988/2016/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.09/05/2017.

# നോട്ടീസ്

വിഷയം - ആ.വ.ഡ - 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിട്ടി പട്ടികയിൽ ശ്രീ.ബിനു.പി.എ യെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ - സംബന്ധിച്ച്.

സൂചന - (1) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/ തീയതി.27/04/2013.

(2) കത്ത് നം.എ7-7791/2016/ഡി.എം.ഒ(എച്ച്) പാലക്കാട്/തീയതി.29/06/2016.

(3) 28/01/2017 - ലെ കിഴക്കഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 40/2017 നം. കത്ത്.

*ഉത്തരവ് നം.ഇ.എസ് 1-47988/2016/ആ.വ.ഡ/തീയതി.09/05/2017.*

കിഴക്കഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീ.പി.എ.ബിനു, സൂചന ഒന്ന് (1) പ്രകാരമുള്ള 01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ അന്തിമ സീനിയോറിട്ടി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ സൂചന രണ്ട് (2) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭിച്ചിരിക്കുന്നു.

സൂചന മൂന്ന് (3) പ്രകാരം ശ്രീ.പി.എ.ബിനുവിന്റെ സർവ്വീസ് വിവരങ്ങൾ അടങ്ങിയ രേഖാപത്രിക കിഴക്കഞ്ചേരി പി.എച്ച്.സി മെഡിക്കലാഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ശ്രീ.പി.എ.ബിനു PSC Advice No.PII(3)3829/2002/dt.25/09/2004 പ്രകാരം പാലക്കാട് ജില്ലയിൽ 18/10/2004 - ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി ജോലിയിൽ പ്രവേശിച്ചു. ടിയാൻ മേയ് 1988 - ൽ സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസാകുകയും 28/10/2008 മുതൽ 26/11/2008 വരെ നടത്തിയ എം.പി.ഡബ്ല്യു ഇൻസർവ്വീസ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതുമാകുന്നു. ആയതിനാൽ മേൽ സാഹചര്യത്തിൽ സൂചന ഒന്ന് (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ റാങ്ക് നം.1302 ആയ പി.കെ.സുധീഷന്റെയും റാങ്ക് നം.1303 ആയ നവാസ്.എസ് ന്റെയും മദ്ധ്യേ 1302(എ) ആയി താല്ക്കാലികമായി ഉൾപ്പെടുത്തി തീരുമാനിച്ചിരിക്കുന്നു.

| പേര് | ജനനതീയതി | വിദ്യാഭ്യാസ യോഗ്യത | നിയമന ശുപാർശ തീയതിയും വർഷവും | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലുള്ള റാങ്ക് നം. | താല്ക്കാലികമായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റാങ്ക് നം. |
|---|---|---|---|---|---|---|
| പി.എ.ബിനു | **04/08/1976** | എസ്.എസ്.എൽ.സി, എസ്.ഐ.സി (മേയ് 1998) | PII(3)3829/ 2002/dt.25/09/ 2004, KPSC, P | **18/10/2004** | ഇല്ല | 1302 ആയ സുധീഷ്.പി.കെ യുടേയും 1303 ആയ നവാസ്.എസ് ന്റെ മദ്ധ്യേ (1302 എ) |

പ്രസ്തുത തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ ആയത് 30 ദിവസത്തിനകം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികളൊന്നും ലഭിക്കാത്ത പക്ഷം ടി തീരുമാനം അന്തിമമാക്കി തീരുമാനം പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)
ഡോ.എ.സമീറ
അഡീഷണൽ ഡയറക്ടർ (എ & റ്റി)

സ്വീകർത്താവ്
ശ്രീ.പി.എ.ബിനു
ജെ.എച്ച്.ഐ ഗ്രേഡ് 2
പി.എച്ച്.സി, കിഴക്കഞ്ചേരി.

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ഔദ്യോഗിക വെബ്സൈറ്റ്
3) ഇ.ജി സെക്ഷൻ
4) ഫയൽ/സ്റ്റോക്ക് ഫയൽ.

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.